കണക്കിൽ ക്രമക്കേടുകൾ ഉള്ളതായും എറണാകുളം മേഖലാ യൂണിയൻ മുൻ ചെയർമാൻ ശ്രീ. ബാലൻ മാസ്റ്റർ കൈപ്പറ്റിയ യാത്രാബത്ത, ടാക്സി വാടക എന്നിവയിലെ ക്രമക്കേടുകളുമാണ് പ്രധാനമായ കണ്ടെത്തലുകൾ.

109 (2295) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ആണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. വഴി ഈ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(സി) നിയമനം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു പരിഹരിച്ച് നിയമനം നടത്തുന്നതിനുവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഉത്തരം

(എ) 821 ഒഴിവുകൾ നിലവിലുണ്ട്.

തിരുവനന്തപുരം	15	കൊല്ലം	78
കോട്ടയം	50	ഇടുക്കി	50
പത്തനംതിട്ട	106	ആലപ്പുഴ	63
തൃശ്ശൂർ	110	വയനാട്	35
മലപ്പുറം	80	പാലക്കാട്	63
കോഴിക്കോട്	72	കണ്ണൂർ	67
കാസർഗോഡ്	32		

(ബി) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ നിയമനം നൽകാറുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ കാലതാമസം ഉണ്ടാകാറുള്ളൂ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

110 (2296) ക്ഷീരവ്യവസായ സംഘങ്ങൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട ബ്ലോക്കുകളിൽ ഓരോന്നിലും എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ ക്ഷീരവ്യവസായ സംഘങ്ങൾ എത്ര; അപെക്സ് സംഘങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly